സെൻട്രൽ പോളിടെക്നിക്കിലെ പ്രിൻസിപ്പൽ നടത്തിയ അഴിമതി

1003 [1615] ശ്രീ. ടി. കെ. അബ്ദു:

,, പിണറായി വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സെൻട്രൽ പോളീടെക്നിക്കിലെ പ്രിൻസിപ്പൽ നടത്തിയ അഴിമതിയും സ്വജനപക്ഷപാതവും വെളിപ്പെടുത്തിക്കൊണ്ട് ഗവൺമെൻറിലേക്കു പരാതികളും വല്ലതും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം;

(സി) ഈ പരാതികളിൻമേൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ആരാണ് അന്വേഷണം നടത്തിയത്;

(ഡി) ഗൗരവതരമായ ആരോപണങ്ങൾക്കു വിധേയനായ പ്രിൻസിപ്പാളിനെ ഈ സ്ഥാനത്തിൽനിന്നും മാറ്റി നിറുത്തിക്കൊണ്ട് ഒരു അന്വേഷണത്തിനു സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) ചില പരാതികളും കിട്ടിയിട്ടുണ്ട്.

(ബി) 1. 7-7-78-ൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് മിനിസ്റ്റീരിയൽ സ്റ്റാഫ് അസോസിയേഷൻ മുഖ്യമന്ത്രിക്കു നൽകിയ മെമ്മോറാണ്ടം.

2. 12-10-78-ൽ കേരളാ എൻ.ജി.ഒ. യൂണിയൻ ജനറൽ സെക്രട്ടറി, മുഖ്യമന്ത്രിക്കു നൽകിയ പരാതി.

3. 2-11-78-ൽ കേരള എൻ. ജി. ഒ. യൂണിയൻ മുഖ്യമന്ത്രിക്കു നൽകിയ പരാതി.

4. 1-12-78-ൽ വട്ടിയൂർക്കാവ് സെൻട്രൽ പോളീടെക്നിക് സ്റ്റുഡൻസ് അസോസിയേഷൻ വിദ്യാഭ്യാസ മന്ത്രിക്കു സമർപ്പിച്ച മെമ്മോറാണ്ടം

5. 7-12-1978-ൽ കേരള എൻ ജി. ഒ. യൂണിയൻ പ്രസിഡൻറ് വിദ്യാഭ്യാസമന്ത്രിക്കു സമർപ്പിച്ച നിവേദനം.

6. 31-1-79-ൽ വട്ടിയൂർക്കാവ് സെൻട്രൽ പോളീടെക്നിക് സംയുക്ത സമരസമിതി കൺവീനർ സമർപ്പിച്ച മെമ്മോറാണ്ടം.

7. 28-2-79-ൽ നിയമസഭാ സാമാജികൻമാരായ സർവ്വശ്രീ: ടി. കെ. രാമകൃഷ്ണൻ, കെ. അനിരുദ്ധൻ എന്നിവർ വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്കു നൽകിയ വിദ്യാർത്ഥി യൂണിയനുകളുടെ മെമ്മോറാണ്ടം.

(സി) ഉണ്ട്.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറും അദ്ദേഹത്തിൻറെ അഡ്മിനിസ്ട്രേറ്റീവ് ആഫീസറും അന്വേഷണം നടത്തിക്കഴിഞ്ഞു. തുടർന്നു കിട്ടിയ പരാതികളിൽ ഇപ്പോൾ സാങ്കേതികവിദ്യാഭ്യാസ വകുപ്പ് ജോ. ഡയറക്ടർ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നടന്ന അന്വേഷണങ്ങളിൽ പ്രിൻസിപ്പലിന്റെ നടപടികളിൽ കുറ്റകരമായി ഒന്നും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ലാത്തതിനാൽ പ്രിൻസിപ്പലിനെ സ്ഥലം മാറ്റേണ്ടയാവശ്യമില്ലെന്ന് തീരുമാനിക്കുകയാണുണ്ടായത്. ഇപ്പോഴും നടക്കുന്ന അന്വേഷണത്തിന്റെ റിപ്പോർട്ടു കിട്ടിയശേഷം ഇക്കാര്യം പരിഗണിക്കുന്നതാണ്.

ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷനിലെ ജീവനക്കാർ

1004 [1616] ശ്രീ. എ. പി. കുര്യൻ:

,, എൻ. ചന്ദ്രശേഖരക്കുറുപ്പ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ കീഴിൽ 1978 ജനുവരി മാസത്തിൽ എല്ലാ വിഭാഗത്തിലുമായി എത്ര ജീവനക്കാർ ഉണ്ടായിരുന്നു;

(ബി) 1978 ജനുവരിക്കുശേഷം എത്ര ജീവനക്കാരെ പുതുതായി നിയമിച്ചിട്ടുണ്ട്;

(സി) 1977-ൽ മസ്ക്കറ്റ്, ബോംഗാട്ടി ഹോട്ടലുകളിലും തേക്കടിയിലെ ആരണ്യനിവാസിലും മലമ്പുഴ കുമരകം ടൂറിസ്റ്റ് ബംഗ്ലാവുകളിലും എത്ര ജീവനക്കാർ വീതമുണ്ടായിരുന്നു;

(ഡി) 1977-നു ശേഷം ഇവിടങ്ങളിൽ എത്രപേരെ വീതം നിയമിച്ചു;

(ഇ) 1977-78-ലെ കെ. റി. ഡി. സി. യുടെ ലാഭം എത്ര ?

ഉത്തരം

(എ) 197 പേർ.

(ബി) 1-1-1979 വരെ 115 പേരെ നിയമിച്ചിട്ടുണ്ട്.

(സി)

മസ്ക്കറ്റ്	—	82 പേർ
ബോംഗാട്ടി	—	21 ,,
തേക്കടി	—	46 ,,
മലമ്പുഴ	—	11 ,,

കുമരകം ബേക്കർ എസ്റ്റേറ്റ് 1977-ൽ കേരളാ വിനോദസഞ്ചാര വികസന കോർപ്പറേഷൻ ഏറ്റെടുത്തിരുന്നില്ല.

(ഡി)

മസ്ക്കറ്റ്	—	43 പേർ
ബോംഗാട്ടി	—	11 ,,
തേക്കടി	—	30 ,,
മലമ്പുഴ	—	8 ,,
കുമരകം	—	4 ,,

(ഇ) 14,857.88 രൂപ.

LIBRARY ARCHIVES Kerala Legislative Assembly